# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 235 17/08/2017-ൽ മറുപടിയ്ക്ക്

## ഒരു കോടി വൃക്ഷത്തൈ നടുന്ന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.നൗഷാദ്<br>" ജോൺ ഫെർണാണ്ടസ്<br>" സി.കെ. ഹരീന്ദ്രൻ<br>" ആന്റണി ജോൺ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഒരു കോടി വൃക്ഷത്തൈ നടുന്ന പരിപാടിയിൽ, തൈകളിൽ ഇരുപതു ശതമാനമെങ്കിലും അതിജീവിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 1 കോടി വൃക്ഷത്തൈ നടുന്ന പരിപാടിയിൽ, തൈകളിൽ 20 ശതമാനത്തിൽ കൂടുതൽ അതിജീവിക്കുന്നുണ്ടന്ന് ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനംവകുപ്പ്, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്.<br><br>സ്ക്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്ക്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്ക്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ ഇനി നടില്ലെന്നും നട്ടവ വെട്ടിമാറ്റുമെന്നും പ്രഖ്യാപിച്ചെങ്കിലും ചിലയിടങ്ങളിൽ ഇത്തരം മരങ്ങൾ നടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇനം മരങ്ങൾ വെട്ടിമാറ്റുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ ഇനി നടേണ്ടതില്ലെന്നും, നട്ടവ വെട്ടിമാറ്റണമെന്നും സർക്കാർ ഉത്തരവിറക്കിയിട്ടില്ല. ഇത്തരം തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതും, പരിപാലിക്കുന്നതും, വെട്ടിമാറ്റുന്നതും കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ളാൻ പ്രകാരമാണ്. ഇങ്ങനെ അടക്കിമുറി കഴിഞ്ഞ |

തോട്ടങ്ങളിൽ വർക്കിംഗ് പ്ളാനിൽ നിഷ്കർഷിക്കും പ്രകാരം തൈകൾ വച്ചു പിടിപ്പിക്കേണ്ടതായിട്ടുണ്ട്. വിവിധ പ്ളാന്റേഷനുകളിൽ പുനർ നടീൽ നടത്തുന്ന വേളയിൽ ജനരോഷത്തെ തുടർന്നും, ജനപ്രതിനിധികൾ അടക്കമുള്ളവരുടെ എതിർപ്പിനെതുടർന്നും അക്കേഷ്യ/യൂക്കാലിപ്റ്റസ് തൈകൾ നടാൻ കഴിയാതെ വന്നിട്ടുണ്ട്.

2016-2017 വർഷം വെട്ടി മാറ്റിയ 576.76 ഹെക്ടർ അക്കേഷ്യ തോട്ടങ്ങളിൽ 322.01. ഹെക്ടർ സ്ഥലത്ത് ഇതര ഇനം മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

സി) പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വന്യമൃഗ ശല്യം ഒഴിവാക്കലും ലക്ഷ്യമിട്ട് വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുന്ന പരിപാടി പ്രാവർത്തികമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

സി) പരിസ്ഥിതി സംരക്ഷണത്തോടൊപ്പം വന്യമൃഗ ശല്യം ഒഴിവാക്കലും ലക്ഷ്യമിട്ട് വനത്തിൽ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുന്ന പരിപാടി പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതേ ലക്ഷ്യത്തിൽ കഴിഞ്ഞ വർഷം സംസ്ഥാനത്തെ വനമേഖലകളിൽ 477 ഹെക്ടർ സ്ഥലത്ത് മുളംതൈകൾ പുതിയതായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ